# ഒരു ഊട്ടിയാത്രയും ചില ഉൾക്കാഴ്ചകളും

ആതിര ഗോപിനാഥ്, സുചിത്ര കെ.,
സുമിത്ര കെ., സുനിത കെ.

**ബലിഷ്ഠനും** ശാന്തഗംഭീരനും നിശ്ചല നിത്യതാപസനും മഹാകാരുണ്യവാനും ചിരംജീവിയുമായ മുതുമുത്തച്ഛനെപ്പോലെ നിലകൊള്ളുന്ന സഹ്യപർവ്വതം. അനാദികാലംമുതൽക്ക് ആ മലമുടികൾ ജീവരാശികൾക്ക് രക്ഷയേകിവരുന്നു. കാലാവസ്ഥയെ നിയന്ത്രിക്കുന്നു. അന്തരീക്ഷത്തെ തണുപ്പിക്കുന്നു. മഴക്കാറുകളെ തടഞ്ഞുനിർത്തി മഴ പെയ്യിക്കുന്നു. മലഞ്ചെരുവിലും താഴ്‌വരയിലും മഴയുടെ സമൃദ്ധിയിൽ സസ്യലതാദികൾ തഴച്ചുവളർന്നു. ലക്ഷക്കണക്കിനു വർഷങ്ങളിലൂടെ അത് എല്ലാ ജീവനുകളുടെയും ജീവനായ മഴക്കാടായി മാറി. അവ മഴമേഘങ്ങളെ തണുപ്പിച്ചു. കൂടുതൽ മഴ പെയ്യിച്ചു. കൂടുതൽ മഴ കൂടുതൽ കാടുകളെ വളർത്തി. അത് കൂടുതൽ സസ്യജന്തുജാലങ്ങൾക്ക് ജന്മവും അഭയവും നല്കി.

മഴക്കാട് എല്ലാവർക്കും വേണ്ടത്ര പ്രാണവായുവും ശുദ്ധജലവും ഭക്ഷണവും നൽകി. മനസ്സുള്ളവർക്കൊക്കെ മനസ്സുഖവും ജീവിതലയവും നൽകി.

ഓരോ തരിമണ്ണിനെയും അത് പിടിച്ചുനിർത്തി. ഓരോ മഴത്തുള്ളിയേയും മണ്ണിലാഴ്ത്തി സംഭരിച്ചു. അവ വറ്റാത്ത ഉറവകളായി. ഉറവകൾ നദികളായി. നദികൾ ഒടുങ്ങാത്ത ശുദ്ധജല സമൃദ്ധിയോടെ താഴ്‌വരകളിലേക്കൊഴുകി. താഴ്‌വരകളിൽ കാടിനെയും മലയേയും കൈകൂപ്പി തൊഴുത ഗ്രാമീണ കർഷകനെ കാടും പുഴയും നല്ല മണ്ണും നല്കി. നല്ല വിത്തു നല്കി. ഉഴവിന് കാളകളെ നൽകി. മണ്ണുതൊട്ടു വന്ദിച്ച് മണ്ണിലേക്ക് കുനിഞ്ഞ് വിത്തുവിതച്ച കർഷകന് അനുഗ്രഹിച്ച് പുഴ വേണ്ടുവോളം വെള്ളം നല്കി.

സസ്യജന്തുജാലങ്ങളുടെ വൈവിധ്യ സമൃദ്ധികളാൽ കാട് വിത്തിന്റെയും മണ്ണിന്റെയും ആരോഗ്യം നിലനിർത്തി. വെള്ളത്തിന്റെ ശുദ്ധിയും സമൃദ്ധിയും ഉറപ്പുവരുത്തി.

അങ്ങിനെയിരിക്കെ കടൽകടന്ന് ഒരു ചീത്തസമയത്ത് അവർ വന്നു. കൈയിൽ മഴുവും തോക്കുമായിട്ടായിരുന്നു വരവ്. കണ്ണുകളിൽ നിറച്ചും ദുരയായിരുന്നു. മനസ്സുനിറയെ ആർത്തിയും ചൂഷണവും വെട്ടിപ്പിടിക്കലുമായിരുന്നു അവരുടെ നയം. ഹിംസയായിരുന്നു വികാരം. കച്ചവടമായിരുന്നു താല്പര്യം. അധികാരമായിരുന്നു ലക്ഷ്യം.

ലക്ഷക്കണക്കിനു വർഷങ്ങളായി ജീവനെ, ജീവന്റെ സന്തുലിതാവസ്ഥയെ, ജീവിതലയത്തെ നിലനിർത്തിയ മഴക്കാടുകളിൽ അവരുടെ കണ്ണുപതിഞ്ഞു. അവരുടെ മൂർച്ചയേറിയ മഴുവേറ്റ് മാമരങ്ങൾ കൂട്ടത്തോടെ മുറിഞ്ഞുവീണു. എതിർത്ത കാട്ടുമൃഗങ്ങളെയും ആദിവാസികളെയും വെടിവെച്ചുകൊന്നു. സഹ്യപർവ്വത ചെരിവിലെ മഴക്കാടുകളെ തുടർച്ചയായി വെട്ടിവീഴ്ത്തി തടിയാക്കി കപ്പലിൽ നിറച്ച് കടൽകടത്തി.

പിന്നെ, കാടിന്റെ ചുടലയിൽ അവൻ ആർത്തിയുടെയും ലഹരിയുടെയും കൃഷി തുടങ്ങി. അതാണ് തേയില. തേയിലകൃഷി പടരുന്നതിനനുസരിച്ച് കാടുകൾ ചുരുങ്ങി. ആദിവാസികളെ അടിമകളാക്കി പണിയെടുപ്പിച്ചു. നമ്മൾ കേട്ടിട്ടും കണ്ടിട്ടുമില്ലാതിരുന്ന ലഹരിയുടെ ഇലയുമായി അവർ നമ്മുടെ ഗ്രാമങ്ങളിലേക്കുവന്നു, മണപ്പിച്ചും കുടിപ്പിച്ചും ശീലത്തിന് അടിപ്പെടുത്തി. അങ്ങനെ കച്ചവടം വളർത്തി. കമ്പനികളുണ്ടാക്കി. ലാഭം പെരുപ്പിച്ചു. കാടു കൊള്ളയടിച്ചപ്പോലെ നമ്മുടെ കീശയും കൊള്ളയടിച്ചു. മഴവെള്ള സംഭരണികളായിരുന്ന വനങ്ങൾ പോയപ്പോൾ ഉറവകൾ വറ്റി. മലയൂറ്റുകൾ നിലച്ചു. ജീവന്റെ താഴ്‌വേരുകൾ മുറിഞ്ഞപ്പോൾ നദികൾ മരിച്ചു. കുളങ്ങൾ വറ്റി. കിണറുകൾ പാഴടഞ്ഞു. കുടങ്ങൾ വെള്ളംതേടി അലഞ്ഞു.

കാടുപോയപ്പോൾ സന്തുലിതാവസ്ഥ പോയി. കീടബാധ പെരുകി. അവർക്ക് വിഷക്കച്ചോടവുമുണ്ടായിരുന്നു. കണ്ണെത്താദൂരം പടർന്നുകിടക്കുന്ന തേയിലത്തോട്ടങ്ങളിൽ അവർ ആകാശമാർഗ്ഗവും ഭൂമിമാർഗ്ഗവും വിഷം വർഷിച്ചു. അങ്ങനെ ശേഷിക്കുന്ന വായുവും വെള്ളവും വിഷമയമായി. മിണ്ടാപ്രാണികൾ അനേകം ചത്തുമലച്ചു. പലതിനും വംശനാശം വന്നു. ജീവന്റെ ചങ്ങലക്കണ്ണിയറ്റു. കാടിന്റെ മാതൃരക്ഷ നമുക്ക് നഷ്ടമായി. അനാഥത്വവും അനാരോഗ്യവും ഭക്ഷണക്ഷാമവും മിഥ്യാമോഹങ്ങളും ചേർന്ന് നമ്മെ അടിമകളാക്കി.

ഇത് സഹ്യപർവ്വതത്തിന്റെയും കേരളത്തിന്റെയും തമിഴകത്തിന്റേയും മാത്രം കഥയല്ല. ലോകത്തെ എല്ലാ ഉഷ്ണമേഖല മഴക്കാടുകളുടെയും ആദിമഗോത്രങ്ങളുടെയും കഥയാണ്. ഇത് തേയില എന്ന ഒരു കാട്ടുചെടിയുടെ മാത്രം കഥയല്ല. പ്രകൃതിയെയും മനുഷ്യനെയും ഒരുപോലെ ചൂഷണം ചെയ്ത് ലാഭം നേടാനുള്ള ഒടുങ്ങാത്ത ആർത്തിയുടെ, ലഹരിയുടെ, ഹിംസയുടെ, വെട്ടിപ്പിടുത്തത്തിന്റെ, കൊള്ളക്കച്ചവടത്തിന്റെ കഥയാണ്.

ആദ്യം തേയില, കാപ്പി, പിന്നാലെ കോളകൾ... കുപ്പിവെള്ളം... ഒടുവിലത് പുഴക്കച്ചവടവും കാടുകച്ചവടവുമായി വളരാൻ വെമ്പുന്നു.

മഴക്കാടുകളെ വെട്ടിവെളുപ്പിച്ചും നദികളെ കൊന്നും, കാടുകളെ ആശ്രയിച്ചു ജീവിച്ച ആദിമ ഗോത്രങ്ങളെ ആട്ടിപ്പായിച്ചും അടിമപ്പെടുത്തിയും ജീവിതത്തിന്റേയും കാലാവസ്ഥയുടേയും സന്തുലിതാവസ്ഥ തകർത്തും, ലോകമെങ്ങും കച്ചവടം പടർത്താൻ ഉപയോഗിച്ച ഒരു ലഹരിയുടെ പ്രതീകമെന്ന നിലയ്ക്ക് അതിനോടുള്ള പ്രതിഷേധമെന്ന നിലയ്ക്ക് ഞങ്ങൾ ഇനി മുതൽ തേയിലയും കാപ്പിയും ഉപയോഗിക്കില്ലായെന്ന് സഹ്യപർവ്വതത്തിലെ മലമുടികളെ സാക്ഷിനിർത്തി പ്രതിജ്ഞ ചെയ്യുന്നു.

*ഗോവിന്ദാലയം, പള്ളിപ്പുറം പി.ഒ., പട്ടാമ്പി*